# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4842** **22.03.2018 -ൽ മറുപടിയ്ക്ക്**

### ടൂറിസം കേന്ദ്രങ്ങളുടെ നവീകരണവും നൂതന പദ്ധതികളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മികച്ച ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രസ്തുത കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു<br>1) ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി<br>2) ടൂറിസം സെന്ററുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ<br>3) ഭിന്നശേഷി സൗഹൃദസൗകര്യങ്ങൾ<br>4) ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ<br>5) ടൂറിസ്റ്റുകളുടെ സുരക്ഷക്കായി ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്, പോലീസ് എന്നിവരുടെ സേവനം<br>6) ടൂറിസം സെന്ററുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, സഞ്ചാരികൾക്കുള്ള അവബോധന ബോർഡുകൾ എന്നിവ സ്ഥാപിക്കൽ<br>7) ടൂറിസം സെന്ററുകളിൽ മാലിന്യ നിയന്ത്രണം ശുചീകരണം എന്നിവയ്ക്കുള്ള പ്രത്യേകം പദ്ധതികൾ<br>8) ബാരിയർ ഫ്രീ ടൂറിസം പദ്ധതി<br>9)വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ആധുനികവത്കരണം, പൊതു സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പരിപോഷണവും പ്രോത്സാഹനവും<br>10) വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഗ്രാമീണ ടൂറിസം വികസനവും തൊഴിൽ സാധ്യതയും ഉറപ്പാക്കൽ<br>11. നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ<br>12. ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ |

13) ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം.

14) ഹൗസ് ബോട്ടുകളിൽ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തൽ.

| | | | |
|---|---|---|---|
| (ബി) | ഓരോ ജില്ലയിലെയും മികച്ച ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മികവുറ്റവയാക്കാൻ ഡി.ടി.പി.സി. ഉൾപ്പെടെയുള്ള ഏജൻസികൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | വിനോദസഞ്ചാരികൾക്ക് മികവുറ്റ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണം, ശുചീകരണം എന്നിവ നടപ്പാക്കുക, ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കുക തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇവയിൽ ഡിറ്റിപിസി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പരിപാലനവും ചുമതലയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾക്കാണ്. പദ്ധതി രൂപരേഖ തയ്യാറാക്കൽ, പദ്ധതി നിർവ്വഹണം എന്നിവ ഈ ഏജൻസികളാണ് നിർവ്വഹിക്കുന്നത്. |
| (സി) | ടൂറിസം മേഖലയിൽ നിന്നും റവന്യൂ ഇനത്തിൽ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (സി) | റവന്യൂ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വിനോദ സഞ്ചാര മേഖലയിൽ മുന്നോട്ട് വയ്ക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കമോ? | (ഡി) | ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ നൂതനമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര മേഖലയുടെ വിപണനവുമായി ബന്ധപ്പെട്ട ആഭ്യന്തര-വിദേശ രാജ്യങ്ങളിലെ ക്യാമ്പയിനുകളും ട്രേഡ് ഫെയറുകളും പാർട്ട്ണർഷിപ് മീറ്റുകളും നൂതനമായ പദ്ധതികൾ തന്നെയാണ്. ഇതിനുപുറമെ ഈ വർഷം വിവിധ വിദേശ രാജ്യങ്ങളിലെ ടി.വി.ചാനലുകളിലെ പ്രചരണം ലക്ഷ്യമിട്ട് വകുപ്പ് സ്പെയിനിലെ ടാനിറ്റ ടി.വിയു മായി ചേർന്ന് ഡെസ്റ്റ്യൂബർ ട്രാവൽ ഷോ നടത്തി വരുന്നുണ്ട്. ഇതിനു പുറമെ ഇത്തവണ ഹോളിഡെ ഐക്യു ട്രിപ് അഡൈ്വസർ-ഭാരത് മാട്രിമോണി എന്നീ പ്രചരണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ മുപ്പതോളം പ്രമുഖ ബ്ലോഗർമാരെ ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പ് സംഘടിപ്പിക്കുന്ന കേരള ബ്ലോഗ് എക്സ്പ്രസിന് മാർച്ചിൽ തുടക്കമാകും. വിദേശത്തും സ്വദേശത്തും കേരള ടൂറിസം പ്രചരണവുമായി ബന്ധപ്പെട്ട് നൂതനമായ ബ്രാന്റിംഗ് ആണ് ഈ വർഷം വകുപ്പ് നടത്തിയിട്ടുള്ളത്. പാരീസ് ഡ്രാമാ തീയേറ്റർ ബ്രാന്റിംഗ്, ലണ്ടൻ ബസ് ബ്രാന്റിംഗ് , ഐ.റ്റി.ബി ബർലിൻ ബ്രാന്റിംഗ് എന്നിവയും നൂതന ആശയങ്ങൾ |

ആയിരുന്നു. വിവിധ സോഷ്യൽ മീഡിയകൾ വഴിയും നൂതനമായ ആശയങ്ങളും പരസ്യങ്ങളും പ്രചരണത്തിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്.

കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും, സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുമുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു. വകുപ്പ് നേരിട്ടും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയും ആവിഷ്കരിച്ച് വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു,

- ആലപ്പുഴ ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റ്
- മലനാട് - മലബാർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ്.
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം.)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം.)
- ഗ്രാമീണ മേഖലയിലെ പ്രാദേശിക ടൂറിസം വികസനത്തിനായി ആർ.ടി.മിഷൻ
- ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- പൈതൃക ഗ്രാമപദ്ധതികൾ
- ജഡായു പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ ടൂറിസം പദ്ധതി

സെക്ഷൻ ഓഫീസർ

[illegible]

## Total Earnings from Tourism 2017 (Rs in Crores)

| Sl.No. | Districts | Earnings( Direct & Indirect) |
|---|---|---|
| 1 | ALAPPUZHA | 1408.36 |
| 2 | ERNAKULAM | 9541.64 |
| 3 | IDUKKI | 2096.85 |
| 4 | KANNUR | 1122.41 |
| 5 | KASARAGOD | 416.93 |
| 6 | KOLLAM | 649.75 |
| 7 | KOTTAYAM | 1041.24 |
| 8 | KOZHIKODE | 1565.85 |
| 9 | MALAPPURAM | 984.56 |
| 10 | PALAKKAD | 747.49 |
| 11 | PATHANAMTHITTA | 273.22 |
| 12 | THIRUVANANTHAPURAM | 8012.05 |
| 13 | THRISSUR | 4177.89 |
| 14 | WAYANAD | 1345.46 |
| **Total** | | **33383.68** |

സെക്ഷൻ ഓഫീസർ